# ആക്ഷേപം പറഞ്ഞ് ഈമാൻ നഷ്ടപ്പെടുത്താതിരിക്കുക

മറ്റുള്ളവരോടുള്ള വെറുപ്പോ തെറ്റുധാരണയോ ദുർവിചാരമോ കൊണ്ട് അവരുടെ സ്ഥാനം ഇകഴ്ത്തിക്കാണിക്കാനും, സമൂഹത്തിൽ അവരെ നിന്ദിക്കാനും അപമാനിക്കാനും വേണ്ടി അവരെക്കുറിച്ച് കളവായ കാര്യങ്ങൾ പറഞ്ഞ് ചിലർ പ്രചരിപ്പിക്കുന്നു. മെനഞ്ഞെടുത്തതും വ്യാജവുമായ ഈ കാര്യങ്ങൾ എന്നെ അറിയിക്കാനും അവർ മടിക്കുന്നില്ല. ഏതെങ്കിലും ഭാരവാഹിയോ പ്രവർത്തകനോ ആയ വ്യക്തിയെ എന്റെ ദൃഷ്ടിയിൽനിന്ന് വീഴ്ത്താനാണ് അവർ ഇങ്ങനെ ശ്രമിക്കുന്നത്. ഇതുമാത്രമല്ല, വളരെ വിശ്വസ്തതയോടുകൂടി ചിലയാളുകളുടെ പേരുകൾ, സാക്ഷി എന്ന നിലയിലും സമർപ്പിക്കാറുണ്ട്. ആ സാക്ഷികളോട് അതിനെക്കുറിച്ച് ചോദിക്കുമ്പോൾ, പാവം സാക്ഷികളുടെ മലക്കുകൾക്കുപോലും അതിനെക്കുറിച്ച് അറിയില്ല എന്നു മനസ്സിലാകുന്നു. ഇതിനേക്കാളുപരി, ഈ വ്യാജമായ കാര്യങ്ങൾ ദൃഢമായി വിശ്വസിച്ചുകൊണ്ട്, ആർക്കെതിരിലാണോ പരാതിപ്പെട്ടത് അയാളെ ശിക്ഷിക്കണമെന്നനിലയിൽ എന്നെ നിർബന്ധിക്കുകയും ചെയ്യുന്നു. അതായത്, അത് പരാതിയല്ല; ഒരുതരത്തിലുള്ള കല്പനയാണ്. ഒരുപാട് പരാതികൾ ശരിയായിട്ടുള്ളതുമുണ്ട്. പക്ഷേ, വ്യക്തിപരമായ പരാതികളിൽ അധികവും, ഇന്നയിന്ന വ്യക്തികൾ കുറ്റവാളികളാണ്, അവരെ പെട്ടെന്ന് പിടിച്ചുശിക്ഷിക്കുക എന്ന നിലയിലുള്ളതാണ്. ഇത് കാണുമ്പോൾ, ഈ പരാതിപ്പെടുന്നവർ സ്വയം തെറ്റു ചെയ്യുന്നവരാണോ എന്നെനിക്ക് തോന്നാറുണ്ട്. അതിന്റെ പിന്നിൽ മറ്റേ വ്യക്തിക്കെതിരിൽ അസൂയ പ്രവർത്തിക്കുന്നുണ്ടോ എന്നും തോന്നാറുണ്ട്. അസൂയ കാരണമാണ് മറ്റുള്ളവരെ ഇകഴ്ത്തണമെന്നും അവർക്ക് നഷ്ടമുണ്ടാക്കണമെന്നുമുള്ള വിചാരമുണ്ടാകുന്നത്.

ഈ അസൂയ ഉണ്ടാകുന്നത് അധികവും അപകർഷതാബോധം കൊണ്ടാണ്. അത് അല്ലാഹുവിനോടു ബന്ധം വയ്ക്കാത്ത കാരണത്താൽ സംഭവിക്കുന്നതാണ്. അല്ലാഹു വ്യാജനേയും അസൂയാലുവിനേയും സഹായിക്കുകയില്ലെന്ന വിചാരമില്ലാത്തതുകൊണ്ടാണ് ഈ അസൂയയാലും തെറ്റുധാരണയാലും മറ്റുള്ളവരുടെമേൽ ആക്ഷേപം ഉന്നയിക്കുന്നത്. അതിൽ എത്രമാത്രം ഇവർ അശ്രദ്ധരാകുന്നുവെന്നുവെച്ചാൽ, സ്വന്തം അഭിമാനത്തെക്കുറിച്ചുപോലും അവർ ചിന്തിക്കുന്നില്ല. ഇന്നത്തെ സമൂഹത്തിൽ ഇതൊക്കെ സാധാരണമാണ്. പ്രത്യേകിച്ച്, ഏഷ്യൻവൻകരയിലെ ഇന്ത്യ-പാക് സമൂഹത്തിൽ ഇത് സർവ്വസാധാരണമായിട്ടുണ്ട്. വിദ്യാസമ്പന്നരായ ആളുകളും ഇത്തരം തരംതാണ പ്രവൃത്തികൾ ചിലപ്പോൾ ചെയ്യുന്നത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. ലോകത്തെവിടെചെന്നാലും ഇത്തരക്കാർക്ക് തങ്ങളുടെ ഈ ചീത്തസ്വഭാവത്തെ മാറ്റുവാൻ കഴിയുകയില്ല. അല്ലെങ്കിൽ അവരത് മാറ്റുവാനാഗ്രഹിക്കുന്നില്ല. ഇക്കാലത്ത് സമൂഹത്തിൽ പരസ്പരമുള്ള കൂടിക്കാഴ്ചകളും കണ്ടുമുട്ടലുകളും അധികമായിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുകൊണ്ട് നമ്മുടെ വലിയ മഹാത്മാക്കൾ കൈയൊഴിഞ്ഞ തിന്മകൾ അവരിൽ ചിലരുടെ മക്കളെ അന്യരുമായിട്ടുള്ള ഇടപഴകലുകൾ കാരണം വീണ്ടും സ്വാധീനിക്കുന്നുണ്ട്. നമ്മുടെ അഹ്മദീ സമൂഹത്തിൽ അഹ്മദീ തലമുറകളിൽ പരിശുദ്ധവും പവിത്രവുമായ ചിന്താഗതി സൃഷ്ടിക്കാൻ എല്ലാതലങ്ങളിലും ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് ജമാഅത്ത് വ്യവസ്ഥിതിയും പോഷക സംഘടനകളുടെ വ്യവസ്ഥിതിയും പ്രത്യേകമായ നിലയിൽ അസൂയ, തെറ്റായധാരണ, സംശയം, മറ്റുള്ളവരെ കൊച്ചാക്കൽ, കളവ് തുടങ്ങിയ എല്ലാ തിന്മകളേയും ഇല്ലാതാക്കാൻ പ്രവർത്തിക്കേണ്ടതാണ്. ഓരോ തിന്മയേയും പരാമർശിച്ചുകൊണ്ട് കുറച്ചുനാൾ മുമ്പേ ഇതുസംബന്ധമായി ഞാൻ വിശദീകരിച്ച് ഖുത്വ്ബ ഓതിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന് നല്ല ഫലവും കണ്ടിരുന്നു. പക്ഷേ, മനുഷ്യപ്രകൃതി എന്നുപറയുന്നത് ആവർത്തിച്ചാവർത്തിച്ച് ഓർമ്മിപ്പിക്കുന്നില്ലെങ്കിൽ മറന്നുപോകുമെന്നതാണ്. അതുകൊണ്ട്, ഉപദേശിച്ചുകൊണ്ടിരിക്കാൻ അല്ലാഹു നമ്മോടു കല്പിച്ചിരിക്കുന്നു. ഈ ഓർമ്മപ്പെടുത്തൽക്കൊണ്ട് കാര്യങ്ങൾ അയവിറക്കിക്കൊണ്ടിരിക്കാനും അവസരം കിട്ടിക്കൊണ്ടിരിക്കുന്നു. അല്പം പറഞ്ഞുകൊടുത്താൽ നന്നായിത്തീരുകയും നന്നായിത്തീരാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരുപാ

ടാളുകൾ ഉണ്ട്. ഉപദേശം കേട്ടുകൊണ്ട്, അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തെക്കുറിച്ച് പ്രത്യേകമായിപ്പറഞ്ഞ ഖുത്ബ കേട്ടുകൊണ്ട്, അത് തങ്ങളെ കുറിച്ചല്ല ഇന്നയാളെക്കുറിച്ചാണെന്ന് പറയുന്നവരുമുണ്ട്. പിന്നീട് വലിയ അഭിമാനത്തോടുകൂടി ആ ഖുത്ബ എടുത്തുദ്ധരിച്ചുകൊണ്ട്, താങ്കൾ ഈ വിഷയത്തെക്കുറിച്ച് ഒരു ഖുത്ബ കൊടുത്തിരുന്നു, അത് ഉദ്ധരിച്ചുകൊണ്ടാണ് ഞാനെഴുതുന്നത്, ഇന്ന ഭാരവാഹി അല്ലെങ്കിൽ ഇന്ന അഹ്മദി അതിൽ പറഞ്ഞ കുറ്റം ചെയ്യുന്നയാളാണ്, അതിൽ കുടുങ്ങിക്കിടക്കുന്നയാളാണ്. അതുകൊണ്ട് അയാളെ നന്നാക്കുന്നതിലേക്ക് താങ്കൾ ശ്രദ്ധിക്കുക എന്നെഴുതാറുണ്ട്. അന്വേഷിച്ചുനോക്കുമ്പോൾ ഞാൻ പറഞ്ഞതുപോലെ ഏറ്റവും കൂടുതൽ ഈ തിന്മയിൽ പരാതിക്കാരൻ തന്നെ അകപ്പെട്ടിരിക്കുന്നതായി അറിയാൻ കഴിയും.

അതുകൊണ്ട് ഏതെങ്കിലും ഉപദേശം കേട്ടാൽ, അല്ലെങ്കിൽ കാലത്തിന്റെ ഖലീഫ എന്തെങ്കിലും കാര്യത്തെക്കുറിച്ച് പറഞ്ഞാൽ ഒന്നാമത്തെ സംബോധിതൻ താൻതന്നെയാണെന്ന് ഓരോ അഹ്മദിയും മനസ്സിലാക്കുക. സ്വയം നന്നാക്കാനും സമൂഹത്തിൽനിന്ന് അഴുക്ക് അവസാനിപ്പിക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാനും ആഗ്രഹിക്കുന്നെങ്കിൽ, ഈ ദോഷങ്ങളെയെല്ലാം ഹൃദയത്തിൽനിന്നകറ്റുക. ഇതുസംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിലും നമ്മോടു പറഞ്ഞിട്ടുണ്ട്. ഇത് പ്രധാനപ്പെട്ട ഒരു രോഗമാണ്. അത് മനുഷ്യന്റെ ഉള്ളിൽനിന്നും ആത്മീയത നഷ്ടപ്പെടുത്തുകയും ശയ്ത്വാന്റെ പ്രകമ്പനങ്ങളിലേക്ക് തള്ളിയിടുകയും ചെയ്യുന്നു. സമൂഹത്തിലെ സമാധാനവും ശാന്തിയും നശിപ്പിക്കുന്നു. അതുകൊണ്ട്, അല്ലാഹു, തന്റെ ഈ പവിത്രമായ ഗ്രന്ഥത്തിൽ അതിൽനിന്ന് രക്ഷപ്പെടാൻ പറഞ്ഞിരിക്കുന്നു; ഒരു സത്യവിശ്വാസി ഓരോ നിമിഷവും പരിശുദ്ധിയിലും ആത്മീയതയിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകാൻ വേണ്ടി. ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് ആഗതരായിട്ടുള്ളത്; ആത്മീയതയുടെ അഭിവൃദ്ധിയിലേക്ക് നമ്മെ കൈപിടിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി. അവിടത്തോടു അനുസരണപ്രതിജ്ഞ ചെയ്തിട്ടുള്ളവനാണ് ഓരോ അഹ്മദിയും. ഈ അനുസരണപ്രതിജ്ഞയ്ക്കുശേഷം തിന്മയിൽ അകപ്പെട്ടിരിക്കുകയും സമൂഹത്തിൽ കുഴപ്പവും കലഹവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ അനുസരണപ്രതിജ്ഞകൊണ്ട് എന്തു നേട്ടമുണ്ടാകാനാണ്? അതിനാൽ ഓരോരുത്തരും ആദ്യമേ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നന്മ ചെയ്യാനുള്ള കല്പനകൾ അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഇങ്ങനെ എല്ലാ രീതിയിലും നാലുഭാഗത്തുനിന്നും സ്വയം പരിശുദ്ധനും പവിത്രനുമായി കാണുമ്പോഴാണ് മറ്റുള്ളവരുടെമേൽ ആക്ഷേപം ഉന്നയിക്കേണ്ടത്. ഈ തിന്മകളെക്കുറിച്ച് അല്പം വിശദീകരിച്ചു പറയാനാണ് ഞാനാഗ്രഹിക്കുന്നത്. ഒന്നാമതായി അസൂയയെക്കുറിച്ചാണ് പറയുന്നത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങൾ അസൂയ സൂക്ഷിക്കണം. നിശ്ചയം തീ വിറകിനെ എരിച്ചുകളയുമ്പോലെയോ പുല്ലിനെ കരിച്ചുകളയുമ്പോലെയോ ആണ് അസൂയ നന്മകളെ നശിപ്പിക്കുന്നത്."

മനുഷ്യന്റെ മനസ്സിൽ ദൈവഭയമുണ്ടെങ്കിൽ, തന്റെയുള്ളിൽ ആ നന്മയുണ്ടെന്ന് വാദിക്കാൻ അവന് സാധിക്കുകയില്ല. ആരെങ്കിലുമായിട്ട് എന്തെങ്കിലും നന്മയെക്കുറിച്ച് പറയുകയാണെങ്കിൽതന്നെ ദൈവഭയമുള്ളവർ, യഥാർത്ഥത്തിൽ നല്ല മനുഷ്യർ, അതിൽ എന്നെന്നും നിലകൊള്ളാൻ ദുആ ചെയ്തുകൊണ്ടിരിക്കും. ഓരോ അഹ്മദിയും ദൈവഭയം മനസ്സിൽ വെച്ചുകൊണ്ട് നന്മകളെ സ്വന്തം ഉള്ളിൽ നിലനിറുത്താൻ ശ്രമിക്കുക. നന്മകളെ കത്തിച്ച് ചാമ്പലാക്കുന്ന കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിനോട് ദുആ ചെയ്യുക. ഞാൻ പറഞ്ഞ ഹദീസിൽ അത് അസൂയയാണെന്ന് നബി(സ) പറയുകയുണ്ടായി. ഈ അസൂയ എന്ന രോഗത്തെ നിസ്സാരകാര്യമായി കാണരുത്. ജീവിതം മുഴുവൻ ചെയ്ത നന്മകൾ അസൂയ എന്ന ഒറ്റ പ്രവൃത്തികൊണ്ട് നഷ്ടപ്പെടാനിടയുണ്ട്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(സ) തിരുമേനി പറഞ്ഞു: ഏതെങ്കിലും കാഫിറിനെ വധിക്കുകയും പിന്നീട് മിതത്വം കൈക്കൊള്ളുകയും ചെയ്ത മുസൽമാൻ ഒരിക്കലും അഗ്നിയിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിന്റെ വഴിയിൽ സത്യവിശ്വാസിയുടെ വയറ്റിൽ അകപ്പെട്ട പൊടിപടലങ്ങളും നരകത്തിലെ ചലവും സമ്മേളിക്കുകയില്ല. അതുപോലെ ഒരു മനുഷ്യനിൽ ഈമാനും അസൂയയും ഒന്നിക്കുകയില്ല.

അസൂയാലുവിന്റെ അവസ്ഥ നരകത്തിലെ ചലം കുടിക്കുന്നവന്റേതാണ്. അത് സത്യവിശ്വാസിയ്ക്ക് അല്ലാഹുവിലുള്ള വിശ്വാസം നഷ്ടപ്പെടാനും കാരണമാകുന്നു. അസൂയ നരകത്തിലേക്കു കൊണ്ടുപോകുന്ന സംഗതിയാണെന്ന് നബി(സ) തിരുമേനി

പറഞ്ഞിരിക്കുന്നു. വളരെ ഭയപ്പെടേണ്ട സ്ഥാനമാണി ത്. അസൂയാലു, മറ്റുള്ളവർക്ക് താൽക്കാലിക നഷ്ടം വരുത്താൻ ശ്രമിക്കുമ്പോൾ, അതിന് പരിഹാരമുണ്ടാക്കാൻ കഴിയും. പക്ഷേ, അയാൾ ആ അസൂയ കാരണത്താൽ തന്റെ ഈമാനെ നഷ്ടപ്പെടുത്തിക്കൊണ്ട് നരകം തന്റെമേൽ കയറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. അതിനാൽ, ആരുടെയെങ്കിലും അഭിവൃദ്ധിയും ഖിലാഫത്തുമായുള്ള കൂടുതൽ അടുപ്പവും, ആരുടെയെങ്കിലുംമേൽ ഉണ്ടാകുന്ന അല്ലാഹുവിന്റെ അനുഗ്രഹവും കണ്ടുകൊണ്ട് അസൂയപ്പെടുന്നതിനു പകരം അതിൽ അഭിമാനം കൊള്ളുകയാണ് വേണ്ടത്. സ്വയം ആ നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയോട് ജനങ്ങളിൽ ആരാണ് ഉത്തമൻ എന്ന് ചോദിക്കപ്പെട്ടു. നബി(സ) തിരുമേനി പറഞ്ഞു: എല്ലാ ***മഹ്മൂദുൽ ഖൽബും, സുദൂഖുൽ ല്ലിസ്സാനും*** സ്വഹാബത്ത് ചോദിച്ചു. ***സുദൂഖുൽ ലിസാൻ*** എന്നുപറഞ്ഞാൽ എന്താണെന്ന് ഞങ്ങൾക്കറിയാം. ***മഹ്മൂദുൽ ഖൽബ്*** എന്താണ്. നബി(സ) തിരുമേനി പറഞ്ഞു: പരിശുദ്ധവും പവിത്രവുമായ ഹൃദയമാണത്. അതിൽ ഒരു പാപവും ഒരു വക്രതയും ഒരുവൈരാഗ്യവും പകയും അസൂയയും ഉണ്ടാകുകയില്ല.

ഇതാണ് ഒരു സത്യവാനായ മുസ്ലിമിന്റെ സത്യവാനായ അഹ്മദിയുടെ അടയാളം. അവന്റെ സ്ഥാനം. മഹ്മൂദുൽഖൽബായിത്തീരാൻ ശ്രമിക്കുക. പാപങ്ങളിൽനിന്ന് രക്ഷപ്പെടുക. സ്വന്തം ഹൃദയത്തിന്റെ വളവ് നേരെയാക്കുക. വൈരാഗ്യം, വെറുപ്പ്, അസൂയ തുടങ്ങിയവയിൽനിന്ന് രക്ഷപ്പെട്ടുകൊണ്ട്, സ്വയം നരകം നിഷിദ്ധമാക്കുക. സമാധാനപരമായ ജീവിതം കാരണത്താൽ ഈ ലോകത്തും സ്വർഗ്ഗം പ്രാപിക്കുന്നവരായിത്തീരണം, പരലോകത്തും സ്വർഗ്ഗത്തിന് അവകാശികളാകണം.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് സുബയ്ർ ബിൻ അവാം(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: കഴിഞ്ഞുകടന്ന ജനതകളുടെ അസൂയയുടേയും വെറുപ്പിന്റെയും രോഗം നിങ്ങളിൽ പിടിപ്പെട്ടിരിക്കുന്നു. ഇത് മുണ്ഡനം ചെയ്യുന്ന സാധനമാണ്. തല മുണ്ഡനം ചെയ്യുന്നതാണെന്ന് ഞാൻ പറയുന്നില്ല. മറിച്ച്, ഇത് ദീനിനെ മുണ്ഡനം ചെയ്യുന്നതാണ്. ആരുടെ കയ്യിലാണോ എന്റെ ജീവിനിരിക്കുന്നത് അവനാണ, നിങ്ങൾ വിശ്വസിക്കാത്തിടത്തോളം കാലം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹം ഉണ്ടാക്കാത്തിടത്തോളംകാലം സമ്പൂർണ്ണ സത്യവിശ്വാസിയാകുകയില്ല. ഞാൻ നിങ്ങൾക്ക് ഇതിനുള്ള മാർഗ്ഗം പറഞ്ഞുതരാം. പരസ്പരം സലാം പറയുക എന്നതാണത്.

ഇതും ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ടതാണ്. അതായത്, പരസ്പരമുള്ള സലാം പറയൽ സ്നേഹം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. വായകൊണ്ട് സലാം പറയുകയും, പകയും വിദ്വേഷവും അസൂയയും ഉള്ളിൽവെച്ചുകൊണ്ട് മറ്റുള്ളവരുടെ വേരുകൾ മുറിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതല്ല. ഹൃദയം ഈ ഇരട്ടത്താപ്പിൽനിന്ന് പരിശുദ്ധവും പവിത്രവുമല്ലെങ്കിൽ, ആ ഹൃദയം പരിശുദ്ധമല്ല. അതിൽ പൂർണ്ണവിശ്വാസവുമില്ലെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു.

ഒന്നും ചിന്തിക്കാതെയും ആലോചിക്കാതെയും മറ്റുള്ളവരുടെമേൽ ആക്ഷേപം ഉന്നയിക്കുന്ന ശീലമാണ് മറ്റൊന്ന്. മറ്റുള്ളവരുടെമേൽ ആക്ഷേപം ഉന്നയിക്കുന്നവരെ അല്ലാഹു ***ഫാസിഖ്*** എന്നും ***ളാലിമെ***ന്നും പറഞ്ഞിരിക്കുന്നു. അതായത്, ദുർമാർഗ്ഗിയെന്നും അക്രമി എന്നും പറഞ്ഞിരിക്കുന്നു. അവൻ പറയുന്നു:

***വലാതൽമിസൂ അൻഫുസക്കും വലാ തനാബസൂ ബിൽഅൽഖാബ് ബിഅ്സൽഇസ്മുൽ ഫുസൂഖു ബഅ്ദൽ ഈമാനി വമൻല്ലം യതബ് ഫഉലായിക്ക ഹുമുള്ളാലിമൂൻ***

നിങ്ങൾ നിങ്ങളുടെ സ്വന്തമാളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം പാപങ്ങളുടെ കല വീഴുക എന്നത് ചീത്തപ്പേരിനു കാരണമാകുന്നതാണ്. ആരെങ്കിലും പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവർ അക്രമികൾ തന്നെയാണ്. (*49:12*)

അതുകൊണ്ട് ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചിട്ടുള്ള ഓരോ അഹ്മദിയും അവരുടെ ഈമാനെ സംരക്ഷിക്കേണ്ടതാണ്. സ്വയം ഈ ചീത്തപ്പേരിൽനിന്ന് അതായത്, ദുർമാർഗ്ഗി എന്ന ചീത്തപ്പേരിൽനിന്ന് രക്ഷിക്കേണ്ടതാണ്. ദുർമാർഗ്ഗി എന്നുപറയുന്നത്, നന്മയിൽനിന്ന് അകന്നുപോയവനെയാണ്. മറ്റുള്ളവരിൽ ന്യൂനതകൾ ആരോപിക്കുന്നതിനും, അങ്ങനെ സ്വയം അല്ലാഹുവിന്റെ ദൃഷ്ടിയിൽ കുറ്റവാളിയാകുന്നതിനും പകരം ഓരോരുത്തരും അവരവരുടെ ഈമാനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഈ

അക്രമത്തിൽനിന്ന് പിന്തിരിയേണ്ടതാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: തന്റെ സഹോദരന്റെ കണ്ണിലെ കച്ചിത്തുരുമ്പ് കാണാൻ കഴിയും പക്ഷേ സ്വന്തം കണ്ണിൽ കിടക്കുന്ന കഴുക്കോൽ മനുഷ്യൻ മറന്നു പോകുന്നു.

ഈ മനോഹരമായ തത്വത്തെ ഓരോരുത്തരും ഓർമ്മവയ്ക്കുകയും സ്വന്തം ഈമാനെ നിരീക്ഷിച്ചു കൊണ്ടിരിക്കുകയും ഓരോ വാക്കും പറയുന്നതിനും പ്രവർത്തിക്കുന്നതിനും മുമ്പേ, അല്ലാഹു എപ്പോഴും തന്നെ കാണുന്നുണ്ടെന്നും തന്റെ ന്യൂനതയെക്കുറിച്ച് അറിയുന്നുണ്ടെന്നും മനസ്സിലാക്കുകയും ചെയ്യുക യാണെങ്കിൽ മറ്റുള്ളവരുടെ ന്യൂനതകൾ തേടിനടക്കു ന്നതിനുപകരം, അല്ലാഹുവിൽ വിശ്വാസമുണ്ടെങ്കിൽ സ്വന്തം കാര്യത്തിലായിരിക്കും ആദ്യം ശ്രദ്ധയുണ്ടാകുക.

ഒരഹ്മദിക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടെന്ന് എനിക്കറിയാം. ഓർമ്മപ്പെടുത്തുമ്പോൾ ഓരോരുത്ത രിലും മാറ്റമുണ്ടാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഈ നല്ല മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമാറാകട്ടെ.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യു ന്നു. നബി(സ) തിരുമേനി പറഞ്ഞു. “ദുർവിചാരങ്ങ ളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. കാരണം ദുർവി ചാരം കഠിനതരമായ കളവാണ്. പരസ്പരം ന്യൂനത കൾ ചുഴിഞ്ഞുനോക്കരുത്. സഹോദരനെതിരിൽ ചാര വൃത്തി നടത്തരുത്. അതിമോഹം അരുത്. അസൂയ പ്പെടരുത്. ശത്രുത പുലർത്തരുത്. അശ്രദ്ധയോടെ പെരുമാറരുത്. അല്ലാഹു കല്പിച്ചതുപോലെ അവന്റെ അടിയാന്മാർ പരസ്പരം സഹോദരന്മാരായി കഴിയു ക. മുസ്ലിംകൾ പരസ്പരം സഹോദരങ്ങളാണ്. അവർ അക്രമം പ്രവർത്തിക്കുകയില്ല. അപമാനിക്കു കയില്ല. നിന്ദിക്കുകയുമില്ല. തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് നബി(സ) പറഞ്ഞു: “തഖ്വ ഇവി ടെയാണ്. തഖ്വ ഇവിടെയാണ്.”

അതായത്, തഖ്വയുടെ സ്ഥാനം ഹൃദയമാണ്. തഖ്വയുടെ ഏറ്റവും വലിയ സ്ഥാനം നബി(സ) തിരു മേനിയുടെ ഹൃദയമാണ്. നബി(സ) പറയുന്നു: “തന്റെ മുസ്ലിം സഹോദരനെ നിന്ദിച്ചാൽതന്നെ ഒരു മനു ഷ്യൻ പാപിയാകും. ഒരു മുസ്ലിമിന്റെ മൂന്നുകാര്യ ങ്ങൾ മറ്റു മുസ്ലിമിന് നിഷിദ്ധമാണ്. അവന്റെ രക്തം, അഭിമാനം, സമ്പത്ത്. അല്ലാഹു നിങ്ങളുടെ ശരീര ത്തിന്റെ സൗന്ദര്യത്തിലേക്ക് നോക്കുന്നില്ല. നിങ്ങ ളുടെ രൂപത്തേയും നിങ്ങളുടെ ധനത്തേയും നോക്കു ന്നില്ല. അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയമാണ്.”

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: “പരസ്പരം അസൂയപ്പെടരുത്. നിങ്ങ ളുടെ സഹോദരങ്ങൾക്കെതിരിൽ ചാരവൃത്തി നടത്ത രുത്. മറ്റുള്ളവരുടെ ന്യൂനതകളിലേക്ക് ചുഴിഞ്ഞുനോ ക്കരുത്. ഒരാളുടെ കച്ചവടത്തിന്നെതിരിൽ (അത് നശി പ്പിക്കുന്നനിലയിൽ) നിങ്ങൾ കച്ചവടം ചെയ്യരുത്. നിങ്ങളെല്ലാം അല്ലാഹുവിന്റെ ആത്മാർത്ഥരായ ദാസ ന്മാരും പരസ്പരം സഹോദരന്മാരുമായി വർത്തിക്കു ക.”

ഈ ഉയർന്ന നിലവാരമാണ് ഒരഹ്മദിക്ക് ലഭി ച്ചിരിക്കേണ്ടത്. തഖ്വയോടുകൂടി പ്രവർത്തിക്കണം. അതിന്റെ ഉന്നതമായ മാതൃക നബി(സ) നമ്മുടെ മുമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. പറഞ്ഞു: മറ്റുള്ളവരുടെ ന്യൂനത തപ്പിനടക്കരുത്. കാരണം അതുമുഖേന സമൂ ഹത്തിൽ കലഹങ്ങൾ ഉണ്ടാകും. സ്പർദ്ധകൾ ഉണ്ടാകും. അതുകൊണ്ട് ഇതിൽനിന്ന് രക്ഷപ്പെടേണ്ട താണ്. ആരിലെങ്കിലും ന്യൂനതയുണ്ടെങ്കിൽതന്നെ അത് അന്വേഷിച്ചുനടക്കരുതെന്ന് ഇവിടെ പറഞ്ഞി രിക്കുന്നു. ഒരഹ്മദിയുടെ ജോലിയാണ് പരസ്പര മുള്ള അഭിമാനത്തെ സംരക്ഷിക്കുകയെന്നത്. ഇത് മുസ്ലിംകൾക്ക് നിർബന്ധമാണ്. അല്ലാതെ അവനെ നിന്ദിക്കാനോ അപമാനിക്കാനോ പാടില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂദർദാഅ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: “ആരാണോ തന്റെ സഹോദ രന്റെ അഭിമാനം കാത്തുസൂക്ഷിക്കുന്നത്, അല്ലാഹു ഖിയാമത്തുനാൾ തീയിൽനിന്ന് അവന്റെ മുഖത്തെ കാത്തുസൂക്ഷിക്കുന്നതാണ്.”

അതുകൊണ്ട് എപ്പോഴും നോക്കേണ്ടത് സ്വന്തം കോളറിലേക്കാണ്. എത്ര പാപങ്ങളാണ് മനുഷ്യനിൽ നിന്ന് ഉണ്ടാകുന്നത്. അല്ലാഹു ആരെയെങ്കിലും പിടി ക്കാൻ തുടങ്ങിയാൽ, പിന്നെയൊന്നും മനുഷ്യന് ബാക്കിയുണ്ടാകുകയില്ല. അതിനാൽ അല്ലാഹുവിന്റെ പെരുമാറ്റത്തിൽനിന്ന് ഫലമെടുക്കാനാണ് ശ്രമിക്കേ ണ്ടത്. അതായത് സ്വന്തം മുഖത്തെ തീയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി മറ്റുള്ളവരുടെ അഭിമാ നത്തെ കാത്തുസൂക്ഷിക്കുക. ഇല്ലെങ്കിൽ, സ്വന്തം കർമ്മം ആരെയെങ്കിലും നരകത്തിൽനിന്ന് രക്ഷി ക്കാൻ അർഹമാണോ എന്ന് അറിയില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തന്റെ സഹോദരന്റേയും സഹോദരിയുടേയും മേൽ

അപവാദം പറഞ്ഞുപരത്തുമ്പോൾ തന്റെ നിന്ദ്യമായ ആ പ്രവർത്തിയിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നില്ലെങ്കിൽ, വൃത്തികെട്ട ചർച്ചാവേദിയെ ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.

അത്തരം അപവാദം പറയുന്നവനെ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽനിന്ന് പുറത്താക്കിയിരിക്കുകയാണ്. മറ്റുള്ളവരുടെമേൽ അപവാദം പറഞ്ഞ് അവരുടെ സ്വസ്ഥത കെടുത്തുന്നവരുടെ മനസ്സിൽ ലവലേശം ദൈവഭയമുണ്ടെങ്കിൽ, അവർ പശ്ചാത്തപിച്ചുമടങ്ങുക. അല്ലാഹുവിനോട് ഇസ്തിഗ്ഫാർ ചെയ്യുക. പിന്നീട് സത്യഹൃദയത്തോടെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവിടത്തെ ജമാഅത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ചില പാപങ്ങൾ വളരെ നേർത്തതായിരിക്കും. അതിൽ മനുഷ്യൻ അകപ്പെടുന്നു. അവർ അത് പാപമായിട്ട് മനസ്സിലാക്കുന്നേയില്ല. യുവത്വത്തിൽനിന്ന് വാർദ്ധക്യം പ്രാപിക്കുന്നു. പക്ഷേ, പാപമാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കുന്നില്ല. ഉദാഹരണത്തിന്, പരദൂഷണം പറയുന്നശീലം. അത്തരക്കാർ ഇതിനെ നിസ്സാര കാര്യമായിട്ടാണ് കരുതുന്നത്. വാസ്തവത്തിൽ വിശുദ്ധഖുർആൻ ഇത് അങ്ങേയറ്റം മോശമായിട്ട് പറഞ്ഞിരിക്കുന്നു. ***അയുഹിബ്ബു അഹദുക്കും അൻയുഅ്കുല ലഹ്മ അഖീഹി മയ്ത്താ***

തന്റെ സഹോദരനെ നിന്ദിക്കുന്ന തരത്തിലുള്ള വാക്കുകൾ നാവിൽ കൊണ്ടുവരുന്നതും അവന് ക്ഷതമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതും അല്ലാഹു വെറുക്കുന്നു. ഒരാളുടെ അറിവില്ലായ്മയും വിവരക്കേടും സ്ഥാപിതമാകുന്ന നിലയിലോ അല്ലെങ്കിൽ അയാളുടെ ശീലത്തെ സംബന്ധിച്ച് രഹസ്യമായ നിലയിൽ വെറുപ്പും ശത്രുതയും ഉണ്ടാകുന്ന നിലയിലോ കാര്യങ്ങൾ പറയുന്നതുമെല്ലാം വൃത്തികെട്ട പണിയാണ്.

ഊഹവും ഒരു തിന്മയാണ്. "ഇന്ന സ്ഥലത്ത് ഇന്നരണ്ടുപേർ ഇരിക്കുന്നതു കണ്ടു. തീർച്ചയായും അവർ ഇന്ന കാര്യം പ്ലാൻ ചെയ്തതായിരിക്കും." എന്ന് സ്വയം കരുതി അതിനുപോൽബലകമായ കഥകൾ മെനഞ്ഞെടുക്കുന്നു. അങ്ങനെയൊരു കാര്യമേ ഉണ്ടായിരിക്കുകയില്ല. പിന്നീട് സാഹോദര്യബന്ധവും സുഹൃത്ബന്ധവുമെല്ലാം തകരാൻ തുടങ്ങുന്നു. സമൂഹത്തിലും കുഴപ്പങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ടാണ് ഈ ദോഷത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു വിശുദ്ധഖുർആനിൽ നമ്മെ ഉപദേശിച്ചിട്ടുള്ളത്. പറഞ്ഞു: ***യാ അയ്യുഹല്ലദീന ആമനുജ്തനിബൂ കഥീറൻമ്മിനള്ളന്നി ഇന്ന ബഅ്ളള്ളന്നി ഇഥ്മുൻ വ്വലാ തജസ്സസൂ.***

വിശ്വസിച്ചവരെ, ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ. തീർച്ചയായും ചില ഊഹങ്ങൾ പാപങ്ങളായിത്തീരുന്നു. നിങ്ങൾ ചാരവൃത്തി നടത്തരുത്.

അതുകൊണ്ട് അല്ലാഹുവിന്റെ ഈ കല്പന എപ്പോഴും മുന്നിൽ വയ്ക്കേണ്ടതാണ്. ഇതിലൂടെ വ്യക്തിപരമായ ബന്ധങ്ങളിൽ നന്മയുടെ അടിത്തറ നിലനില്ക്കും. ഇതിലൂടെ സമൂഹത്തിലെ ദോഷങ്ങളും അവസാനിക്കും. ചിലയാളുകൾ ചിലരെക്കുറിച്ച് തെറ്റായ ധാരണകൾ പരത്തുന്നത് അവരെ നിന്ദിക്കുന്നതിനും മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്ന് അവരെ വീഴ്ത്തുന്നതിനും വേണ്ടിയാണ്. ജമാഅത്തിന്റെ ഏതെങ്കിലും ഭാരവാഹിയോടോ കാലത്തിന്റെ ഖലീഫയോടോ അയാൾക്ക് പ്രത്യേകമായ ബന്ധമുണ്ടെങ്കിൽ, ആ ബന്ധത്തെ അകറ്റുന്നതിനു വേണ്ടിയാണ്. മിക്കതിന്റേയും പിന്നിൽ വ്യക്തിഗതമായ ശത്രുതയായിരിക്കും. തെറ്റുധരിക്കാൻ തുടങ്ങുമ്പോൾ, ചാരപ്രവൃത്തിയും വളരാൻ തുടങ്ങും. പിന്നെ എപ്പോഴും തെറ്റുധരിക്കുന്നവൻ എങ്ങനെയെങ്കിലും മറ്റുള്ളവന്റെ ന്യൂനതകൾ തേടിപിടിക്കണമെന്നും അവന് ദുഷ്പേരുണ്ടാക്കണമെന്നുമുള്ള ചിന്തയിലായിരിക്കും.

ഒരു സംഭവമുണ്ട്. മഹ്മൂദ് ഗസ്നിക്ക് ഒരു പ്രത്യേക ജേർണലുണ്ടായിരുന്നു. അദ്ദേഹം വളരെയടുത്ത വ്യക്തിയായിരുന്നു. അയാസ് എന്നായിരുന്നു പേര്. അങ്ങേയറ്റം കൂറുള്ള വ്യക്തിയും താൻ കയറിവന്ന നിലകളെക്കുറിച്ച് നല്ല ബോധവാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും രാജാവിന്റെ ഔദാര്യങ്ങളേയും സ്മരിക്കുന്ന ആളുമായിരുന്നു അദ്ദേഹം. ഒരിക്കൽ ഒരു സൈനികനടപടി കഴിഞ്ഞ് അദ്ദേഹം തിരിച്ചുവരുമ്പോൾ, രാജാവ് തന്റെ സൈന്യത്തോടൊപ്പം മുന്നോട്ടു പൊയ്ക്കഴിഞ്ഞിരുന്നു. അയാസ് തന്റെ സൈന്യത്തോടൊപ്പം അപ്രത്യക്ഷനായിരിക്കുന്നത് അദ്ദഹം കണ്ടു. മറ്റു ജേർണൽമാരോട് അയാസ് എവിടെ പോയി എന്ന് അദ്ദേഹം ചോദിച്ചു. രാജാവിന് സ്തുതിപാടുന്നവരും എങ്ങനെയും അയാസിനെ രാജാവിന്റെ ദൃഷ്ടിയിൽനിന്ന് വീഴ്ത്തണമെന്ന് ആഗ്രഹിച്ചിരുന്നവരുമാണ് ചുറ്റുമുള്ളവർ. അവർ അയാസിന്റെ ന്യൂനതകൾ തേടി നടന്നിരുന്നു. രാജാവിനെ തെറ്റുധരിപ്പിക്കാൻ തങ്ങൾക്കു കിട്ടിയ ഈ സന്ദർഭം അവർ വലിയ കാര്യമായി കരുതി. തങ്ങൾ ചെയ്യുന്ന പാപത്തിൽ രാജാവിനേയും

ഉൾപ്പെടുത്താൻ അവർ ആഗ്രഹിച്ചിരുന്നു. രാജാവിന്റെ മനസ്സിൽ തെറ്റുധാരണ പരത്തുംവിധമുള്ള കാര്യങ്ങൾ അവർ പെട്ടെന്ന് പറയാൻ തുടങ്ങി. രാജാവിന് തന്റെ ആത്മാർത്ഥനായ സേവകനെക്കുറിച്ചറിയാമായിരുന്നു. അദ്ദേഹം തെറ്റുധരിച്ചില്ല. നമുക്ക് അല്പം കാക്കാമെന്നും വന്നുകഴിഞ്ഞാൽ എവിടെ പോയിയെന്ന് ചോദിക്കാമെന്നും അവരോട് പറഞ്ഞു. പെട്ടെന്ന് കമാന്റർ തന്റെ സൈന്യത്തോടൊപ്പം തിരിച്ചുവരുന്നത് അവർ കണ്ടു. അവരോടൊപ്പം ഒരു തടവുകാരനും ഉണ്ടായിരുന്നു. താങ്കൾ എവിടെപോയിരുന്നുവെന്ന് രാജാവ് ചോദിച്ചു. അദ്ദേഹം പറഞ്ഞു. അങ്ങ് ആവർത്തിച്ചാവർത്തിച്ച് മലമുകളിലേക്ക് നോക്കുന്നത് ഞാൻ കണ്ടു. എന്തെങ്കിലും കാര്യമുണ്ടാകും, അതുകൊണ്ട് ഉടനെ അവിടെപ്പോയി നോക്കണമെന്ന് എനിക്കുതോന്നി. ഞാൻ ചെന്നപ്പോൾ, തടവിലാക്കിക്കൊണ്ടുവന്നിരിക്കുന്ന ഈയാൾ ഒരു കല്ലിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്നതു കണ്ടു. ഇയാളുടെ കയ്യിൽ അമ്പും വില്ലും ഉണ്ടായിരുന്നു. അങ്ങ് അതുവഴി പോകുമ്പോൾ അങ്ങയെ കുറിയാക്കി അമ്പെയ്യുക എന്നതായിരുന്നു ഇയാളുടെ പരിപാടി. രാജാവിനെ തെറ്റുധാരണയിലകപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നവരെല്ലാം, ഇതുകേട്ട് ലജ്ജിതരായി.

തെറ്റുധാരണയിൽനിന്ന് ഒഴിവാകണം എന്ന പാഠം കൂടാതെ മറ്റൊരു പാഠം കൂടി ഈ സംഭവത്തിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. അയാസ് എപ്പോഴും രാജാവിനെ നോക്കിക്കൊണ്ടിരിക്കുകയും അദ്ദേഹത്തിന്റെ ഓരോ സൂചനയും മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട്, ആരുടെ കയ്യിൽ ബയ്അത്ത് ചെയ്തുവെന്നും ആരെ സ്നേഹിക്കുന്നുവെന്നുമാണോ നാം വാദിക്കുന്നത് അദ്ദേഹത്തിന്റെ എല്ലാ കല്പനകളും പാലിക്കേണ്ടത് നമുക്ക് നിർബന്ധമാണ്. ആ മഹാത്മാവിന്റെ ഓരോ സൂചനയുമനുസരിച്ച് പ്രവർത്തിക്കാൻ ഓരോ അഹ്മദിയും തയ്യാറായിരിക്കേണ്ടതാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മസീഹ് മൗഊദിന്റേയും ഓരോ കല്പനയും പാലിക്കാൻ എന്നല്ല ഓരോ സൂചനയും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫയുടെ ബയ്അത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അദ്ദേഹം പറയുന്ന കാര്യങ്ങളും പാലിക്കേണ്ടതാണ്. അപ്പോഴാണ് ബയ്അത്തിന്റെ യഥാർത്ഥ വസ്തുത നിറവേറ്റപ്പെടുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തെറ്റുധാരണയെക്കുറിച്ച് ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: മറ്റുള്ളവരുടെ സംസാരങ്ങളെ നമുക്ക് നിയന്ത്രിക്കാൻ സാധ്യമല്ല. അങ്ങനെ നിയന്ത്രിക്കുന്നത് പാപമാണ്. ഒരാൾ ഒരാളെ ദുർവൃത്തനായി കരുതുന്നു. ആ കരുതുന്നവ്യക്തി പിന്നീട് അതിനെക്കാൾ മോശക്കാരനായി തീരുന്നു. ഗ്രന്ഥങ്ങളിൽ ഞാനൊരു കഥ വായിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ആളുകളിൽപെട്ട ഒരു മഹാത്മാവ്, തന്നെ ഏറ്റവും മോശപ്പെട്ടവനായി കരുതുമെന്ന് പ്രതിജ്ഞ ചെയ്തു. ഒരിക്കൽ ഒരു നദീതീരത്ത് അദ്ദേഹമെത്തി. ഒരാൾ ഒരു യുവതിയോടൊപ്പം നദീതീരത്തിരുന്ന് റൊട്ടി തിന്നുന്നത് അയാൾ കണ്ടു. ഒരു കുപ്പിയും അടുത്തുണ്ട്. അതിൽനിന്ന് ഗ്ലാസ് നിറച്ച് നിറച്ച് കുടിക്കുന്നു. ദൂരെനിന്ന് അത് കണ്ടുകൊണ്ട് അയാൾ പറഞ്ഞു. മറ്റാരെക്കാളും നല്ലവനാണെന്ന് കരുതുകയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു എന്നതു ശരിതന്നെയാണ്. എന്തായാലും, ഇവർ രണ്ടുപേരെക്കാൾ ഞാൻ ഉത്തമനാണ്. അത്രയുമായപ്പോൾ ശക്തമായ കാറ്റടിച്ചു. നദിയിൽ വെള്ളപ്പൊക്കമുണ്ടായി. അതുവഴി വന്ന ഒരു വള്ളം മുങ്ങിപ്പോയി. യുവതിയോടൊപ്പം റൊട്ടി തിന്നുകൊണ്ടിരുന്ന പുരുഷൻ എഴുന്നേറ്റ് വെള്ളത്തിലേക്ക് ചാടി ആറുപേരെ രക്ഷിച്ചു. പിന്നീട് ആ പ്രായംചെന്നയാളോട് പറഞ്ഞു: താങ്കൾ താങ്കളെ എന്നെക്കാൾ നല്ലവനാണെന്ന് കരുതുന്നു. ഞാൻ ആറുപേരെ രക്ഷിച്ചു. ഇനി ഒന്ന് ബാക്കിയുണ്ട്. അയാളെ താങ്കൾ രക്ഷിക്കുക. ഇതുകേട്ട് ആ വൃദ്ധൻ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു, എന്റെ മനസ്സ് നീ എങ്ങനെയാണ് വായിച്ചത്. ഇതെന്താണ് പ്രശ്നം. അപ്പോൾ ആ ചെറുപ്പക്കാരൻ പറഞ്ഞു: ഈ കുപ്പിയിൽ ഈ നദിയിലെ വെള്ളമാണ്. മദ്യമല്ല. ഈ സ്ത്രീ എന്റെ ഉമ്മയാണ്. ഞാനവരുടെ ഒരേയൊരു മകനാണ്. നല്ല ആരോഗ്യമുള്ളതുകൊണ്ടാണ് അവരെ യുവതിയായി തോന്നുന്നത്. ഞാനിങ്ങനെ പ്രവർത്തിക്കാനും അത് നിങ്ങൾക്ക് പാഠമാകാനും അല്ലാഹു എന്നെ നിയോഗിച്ചതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹിള്റിന്റെ സംഭവവും ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാകുന്നത് പെട്ടെന്ന് തെറ്റുധരിക്കുന്നത് ശരിയല്ല എന്നാണ്. തെറ്റുധാരണ ഒരുപാട് ജനതകളെ നശിപ്പിച്ചിട്ടുണ്ട്. പ്രവാചകന്മാരേയും അവരുടെ കുടുംബങ്ങളേയും കുറിച്ച് സത്യനിഷേധികൾ ഒരുപാട് തെറ്റുധാരണ പരത്തി."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മിക്കവരിലും ദുർവിചാരം എന്ന രോഗം വളർന്നുവരുന്നു. അവർ തങ്ങളുടെ സഹോദരനെ കുറിച്ച് സൽവിചാരം വെച്ചുപുലർത്തുന്നില്ല. ചെറിയ കാര്യം ഉണ്ടാകുമ്പോൾ, തന്റെ മറ്റു സഹോദരനെക്കുറിച്ച് ദോഷകരമായ ചിന്താഗതികൾ വെച്ചുപുലർത്തുന്നു. തന്നെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ തനിക്ക്

അങ്ങേയറ്റം വിഷമം ഉണ്ടാക്കുന്ന കാര്യങ്ങൾ മറ്റവനെക്കുറിച്ച് അവൻ പറയാൻ തുടങ്ങുന്നു. അതുകൊണ്ട്, ഒന്നാമതായി കഴിയുന്നിടത്തോളം തന്റെ സഹോദരനെക്കുറിച്ച് ദുർവിചാരം നടത്തരുത്. എപ്പോഴും സൽവിചാരം വെച്ചുപുലർത്തുക. കാരണം അതിലൂടെ സ്നേഹം വർദ്ധിക്കുന്നു. മൈത്രിയുണ്ടാകുന്നു. പരസ്പരം ശക്തിയുണ്ടാകുന്നു. അതുകാരണം മനുഷ്യൻ, പക, വെറുപ്പ്, അസൂയ തുടങ്ങിയ ദോഷങ്ങളിൽനിന്ന് രക്ഷപ്പെടുന്നു.

സൽചിന്താഗതിക്കാരനാണെങ്കിൽ അവൻ പറയുന്ന കാര്യങ്ങളിലും സൗന്ദര്യമുണ്ടാകും. അല്ലാഹുവിന്റെ സാമീപ്യവും ലഭിക്കും. ഇതു സംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നസ്ർ നബി(സ) തിരുമേനിയിൽനിന്ന് നിവേദനം ചെയ്യുന്നു. അവിടന്ന് പറഞ്ഞു: ***ഹുസ്നുള്ളന്നി മിൻഹുസ്നിൽഇബാദ*** സദ്വിചാരം ആരാധനയാണ്.

അതിനാൽ ദുർവിചാരങ്ങൾ മനുഷ്യനെ നരകത്തിലേക്ക് തള്ളിയിടുമ്പോൾ, സദ്വിചാരങ്ങൾ ഇബാദത്തിൽ ഉൾപ്പെടുന്നു. ഈ നിലവാരം കരസ്ഥമാക്കാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. ദുർവിചാരങ്ങൾ ഉണ്ടാകുമ്പോൾ, സ്വയം മെനഞ്ഞെടുക്കുന്ന കഥയിൽ സ്വാധീനശക്തി വർദ്ധിപ്പിക്കാൻ കളവിന്റെ സഹായം തേടുന്നു. കളവ് ശിർക്കാണെന്ന് അല്ലാഹു പറഞ്ഞു. അതുകൊണ്ട് ഓരോ അഹ്മദിയും, അവർ യഥാർത്ഥ അഹ്മദി എന്നു പറയപ്പെടുന്നത് സത്യത്തിൽ നിലകൊള്ളുകയും എല്ലാതരം ശിർക്കിൽനിന്നും തങ്ങളെ സുരക്ഷിതമാക്കിവയ്ക്കുകയും ചെയ്യുമ്പോഴാണെന്ന കാര്യം മുന്നിൽ കാണേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: സത്യത അനുസരണത്തിലേക്ക് വഴികാട്ടുന്നു. അനുസരണം സ്വർഗ്ഗത്തിലേക്ക് വഴി കാട്ടുന്നു. ഒരാൾ തുടർച്ചയായി സത്യം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, അല്ലാഹുവിന്റെ പക്കൽ അയാൾ സിദ്ദീഖായിത്തീരുന്നു. കളവ്, ധിക്കാരത്തിലേക്ക് വഴികാട്ടുന്നു. ധിക്കാരം നരകത്തിലേക്ക് വഴികാട്ടുന്നു. ഒരാൾ തുടർച്ചയായി കളവ് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിന്റെ പക്കൽ അയാൾ പെരുംകള്ളനെന്ന് എഴുതപ്പെടുന്നു.

നമ്മുടെ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. കളവിന്റെ സഹായം തേടി പെരുംകള്ളനാകാതിരിക്കാനും ദുആ ചെയ്യേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധഖുർആൻ, കള്ളന്മാരുടെമേൽ ശാപം ചൊല്ലിയിരിക്കുന്നു. കള്ളൻ ശയ്ത്വാന്റെ കൂട്ടുകാരനാണ്. കള്ളൻ വിശ്വാസവഞ്ചകനാണ്. കള്ളന്മാരുടെമേൽ ശയ്ത്വാന്മാർ ഇറങ്ങുന്നു. കളവ് പറയരുതെന്ന് മാത്രമല്ല പറഞ്ഞത്, മറിച്ച് കള്ളന്മാരുമായിട്ടുള്ള സഹവാസം ഉപേക്ഷിക്കാനും പറഞ്ഞിരിക്കുന്നു. അവരെ നമ്മുടെ സുഹൃത്തും കൂട്ടുകാരനുമാക്കരുത്. അല്ലാഹുവിനെ ഭയപ്പെടുക. സത്യസന്ധന്മാരോടൊപ്പം ഇരിക്കുക.

മറ്റൊരു സ്ഥലത്ത് പറയുന്നു: ആരെങ്കിലും സംസാരിക്കുകയാണെങ്കിൽ, സത്യസന്ധതയോടുകൂടി സംസാരിക്കേണ്ടതാണ്. തമാശയ്ക്കുപോലും അതിൽ കളവുണ്ടാകരുത്.

ആക്ഷേപം ഉന്നയിക്കുന്നവരും, തങ്ങളുടെ ഉള്ളിൽ മാറ്റമുണ്ടാക്കേണ്ടതാണ്. സ്വന്തം ഈമാനെ കാത്തുസൂക്ഷിക്കുക. മറ്റുള്ളവരുടെ ഈമാനെ പരീക്ഷണത്തിൽ അകപ്പെടുത്തി നശിപ്പിക്കാതിരിക്കുക. കളവ് കാരണത്താൽ ശയ്ത്വാൻ ഇറങ്ങുന്നതിൽനിന്ന് സ്വയം രക്ഷിക്കുക. അല്ലാഹു ഓരോ അഹ്മദിക്കും ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈമാൻ കാത്തുസൂക്ഷിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 26.5.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org